"ഭരണഭാഷ – മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

പൊതുഭരണ വകുപ്പ്– കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ- സർക്കാർ ജീവനക്കാരുടെയും, ഓഫീസുകളുടെയും പ്രവർത്തനം സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

സ.ഉ.(സാധാ) നം. 1282/2020/പൊ.ഭ.വ തിരുവനന്തപുരം, തീയതി, 27.03.2020

---

പരാമർശം : സ.ഉ.(സാധാ) നം. 1247/2020/പൊ.ഭ.വ, തീയതി, 20.03.2020

## ഉത്തരവ്

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 24.03.2020 ലെയും 25.03.2020 ലെയും ഉത്തരവ് പ്രകാരം പോലീസ്, ഹോം ഗാർഡ്, ഫയർ ഫോഴ്സ്, വനം, മൃഗശാല, ദുരന്തനിവാരണം, ജയിലുകൾ, ജില്ലാ ഭരണം, ട്രഷറി, വൈദ്യുതി, കുടിവെള്ളം, ശുചീകരണം എന്നിവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള അവശ്യ സർവ്വീസുകളായ ശുചീകരണം, കുടിവെള്ള വിതരണം തുടങ്ങിയവ ഒഴികെ സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ മുതലായവ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളും അടച്ചിടുന്നതിന് നിർദ്ദേശിച്ചിരുന്നു. ദുരന്തനിവരാണ-കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചുവടെചേർക്കുന്ന വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമായി പ്രഖ്യാപിച്ച് ഇവയെ ലോക്ക് ഡൗണിന്റെ പരിധിയിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- കൊയ്ത്ത്, കാർഷിക വിളവെടുപ്പ്, സമാഹരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കൃഷിവകുപ്പ് ഉദ്യോഗസ്ഥർ
- മൃഗാശുപത്രി ജീവനക്കാർ
- ചികിത്സയുമായി നേരിട്ട് ബന്ധപ്പെട്ടും കോവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്ന ആരോഗ്യമേഖലയിലെ ജീവനക്കാർ
- ഡ്രഗ്സ് കൺട്രോൾ വകുപ്പിനു കീഴിലുള്ള പരിശോധന സ്ഥാപനങ്ങളിലെ ജീവനക്കാർ,
- സഹകരണവകുപ്പിലെ പൊതുവിതരണവുമായി ബന്ധപ്പെട്ട വിവിധ വിഭാഗങ്ങൾ
- ജലഗതാഗത വകുപ്പിലെ ആംബുലൻസ് സർവ്വീസ്
- ഭക്ഷ്യ-ഉപഭോക്തൃകാര്യ വകുപ്പിലെ വിതരണശൃംഖലയുമായി ബന്ധപ്പെട്ടവർ
- പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിതരണം, സമാഹരണം എന്നിവയുമായി ബന്ധപ്പെട്ട വ്യവസായവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ

- വിവര സാങ്കേതിക വകുപ്പിനു കീഴിൽ കോവിഡ് കൺട്രോൾ റൂം, കോൾ സെന്റർ, ഡാറ്റ സെന്റർ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ
- അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനവുമായി ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ
- നോർക്ക് റൂട്ട്സിന്റെ ഭാഗികമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് അവശ്യം വേണ്ട ഉദ്യോഗസ്ഥർ,
- പൊതുമരാമത്ത് വകുപ്പിലെ കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ടവർ
- റവന്യൂ വകുപ്പിലെ ദുരന്തനിവരാണ സംവിധാനവുമായി ബന്ധപ്പെട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ
- പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളിൽ ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ,
- സാമൂഹ്യനീതി വകുപ്പിന്റെ വയോജന കേന്ദ്രങ്ങൾ, സമാന സ്ഥാപനങ്ങൾ, അങ്കണവാടികൾ
- ഭിന്നശേഷിക്കാരുടെ ക്ഷേമം, ട്രാൻസ്ജൻഡർമാർക്കുള്ള സ്റ്റേഹോമുകൾ എന്നിവയുമായി ബന്ധപ്പെട്ടവർ
- കോവിഡുമായി ബന്ധപ്പെട്ട് യാത്രാസൗകര്യങ്ങളൊരുക്കുന്ന മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ
- അച്ചടിവകുപ്പിനു കീഴിലുള്ള ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിയുമായി ബന്ധപ്പെട്ട് ജോലി നിർവ്വഹിക്കുന്നതിന് ഏറ്റവും അവശ്യം വേണ്ട ഉദ്യോഗസ്ഥർ
- കോവിഡ്-19-മായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള ജീവനക്കാരും അതിൽ പങ്കാളികളാകുന്ന കുടുംബശ്രീ ഉൾപ്പടെയുള്ള വിവിധ വിഭാഗങ്ങളിലെ ജീവനക്കാർ
- ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ Essential Commodities Act-ന്റെ പരിധിയിൽ പെടുന്നവയുടെയും മറ്റ സാധനങ്ങളുടെയും വിലശേഖരണം, Consumer Price Index തയ്യാറാക്കുന്നതിനുള്ള വിലശേഖരണം എന്നിവ ഫോൺ മുഖേന ശേഖരിക്കേണ്ടതാണ്. ഒഴിവാക്കാനാവാത്ത സന്ദർഭത്തിൽ മാത്രം ഫീൽഡ് സർവ്വേ നടത്തേണ്ടതാണ്.

മേൽപ്പറഞ്ഞ ജോലി/സേവനങ്ങൾ ഏറ്റവും ചുരുങ്ങിയ എണ്ണം ഉദ്യോഗസ്ഥരെ ഉപയോഗിച്ചുമാത്രം നിർവ്വഹിക്കേണ്ടതാണ്.

സെക്രട്ടേറിയറ്റിലെ ഭരണനിർവ്വഹണത്തിനായി റവന്യൂ, ദുരന്തനിവാരണം, പൊതുഭരണ (പൊളിറ്റിക്കൽ), പൊതുഭരണ (രഹസ്യ വിഭാഗം), തദ്ദേശസ്വയംഭരണം, ആരോഗ്യ-കുടുംബക്ഷേമം, ആഭ്യന്തരം, ഗതാഗതം, ഭക്ഷ്യപൊതുവിതരണം എന്നീ വകുപ്പുകളിൽ 'എ', 'ബി' കാറ്റഗറിയിലെ ഒരോ ഉദ്യോഗസ്ഥരുടെ സേവനം എല്ലാ ദിവസവും ഉണ്ടായിരിക്കണം. ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുഭരണ (ഹൗസ് കീപ്പിംഗ്) വകുപ്പിലെ സാനിറ്റേഷൻ, സെക്യൂരിറ്റി, മറ്റ അടിയന്തര സ്വാഭാവമുള്ള ജോലികൾ നിർവ്വഹിക്കുന്നവരും നിർദ്ദേശാനുസരണം ഹാജരാകേണ്ടതാണ്. ധനകാര്യവകുപ്പിൽ സാമ്പത്തിക വർഷാന്ത്യ കണക്കുകളുടെ പ്രവർത്തനം കണക്കിലെടുത്തുള്ള ജീവനക്കാരുടെ ക്രമീകരണം ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ഏർപ്പെടുത്തേണ്ടതാണ്.

അടിയന്തര സാഹചര്യമുണ്ടായാൽ പകരം ഉദ്യോഗസ്ഥരെ ചുമതല ഏൽപ്പിക്കുന്ന കാര്യം എല്ലാ വകുപ്പ് സെക്രട്ടറിമാർ/വകുപ്പ്/ജില്ലാ മേധാവികൾ മുൻകൂട്ടി ഉറപ്പുവരുത്തേണ്ടതാണ്. തുറന്നു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ആവശ്യമായ ശുചീകരണപ്രവർത്തനങ്ങളും ജീവനക്കാർക്ക് സാനിട്ടൈസർ ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഉറപ്പുവരുത്തേണ്ടതാണ്.

ഇതിനുപുറമേ ചീഫ് സെക്രട്ടറിക്ക് ഏതൊരു ഉദ്യോഗസ്ഥനെയും അടിയന്തര സാഹചര്യത്തിൽ വിളിച്ചുവരുത്താവുന്നതാണ്. ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുമ്പോൾ നഗരാതിർത്തിയിൽ താമസിക്കുന്നവരെ മാത്രം പരിഗണിക്കേണ്ടതും അതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**കെ. ആർ. ജ്യോതിലാൽ**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് തലവന്മാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/ അഡീഷണൽ സെക്രട്ടറിമാർക്കും/ ജോയിന്റ് സെക്രട്ടറിമാർക്കും/ ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/ അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും
പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ/ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
കേരളത്തിലെ എല്ലാ സർക്കാർ ആഫീസുകൾക്കും/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/
പൊതുമേഖലാ സ്ഥാപനങ്ങൾക്കും
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ